# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2852 — 18.08.2017 -ൽ മറുപടിക്ക്

## ആലത്തൂർ മിനി സിവിൽ സ്റ്റേഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.ഡി.പ്രസേനൻ | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | ആലത്തൂർ മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിൽ ഏതെല്ലാം വകുപ്പുകളുടെ ഓഫീസുകളാണ് പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | ആലത്തൂർ മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | സിവിൽ സ്റ്റേഷനിലേക്ക് മാറാൻ തീരുമാനിച്ചിട്ടും പഴയ ഓഫീസിൽ തന്നെ പ്രവർത്തനം തുടരുന്ന ഓഫീസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. (1) ലീഗൽ മെട്രോളജി വകുപ്പ്, പുതിയങ്കം (2) അസിസ്റ്റന്റ് എഞ്ചിനീയർ (കനാൽ) ചേരാമംഗലം (3) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇറിഗേഷൻ) ആലത്തൂർ (4) താലൂക്ക് ഓഫീസ്, ആലത്തൂർ എന്നീ ഓഫീസുകളാണ് സ്ഥലം അനുവദിച്ചിട്ടും ആലത്തൂർ മിനി സിവിൽ സ്റ്റേഷനിലേക്ക് മാറാതിരിക്കുന്നത്. |
| (സി) | ഉണ്ടെങ്കിൽ എന്തുകൊണ്ടാണ് പഴയ ഓഫീസിൽ തന്നെ പ്രവർത്തനം തുടരുന്നു എന്നതിന് വിശദീകരണം നൽകാമോ? | (സി) | ലീഗൽ മെട്രോളജി വകുപ്പിന് മിനി സിവിൽ സ്റ്റേഷനിൽ അഞ്ചാമത്തെ നിലയിലാണ് ഓഫീസ് കെട്ടിടം അനുവദിച്ചിട്ടുള്ളത്. ഭാരമുള്ള അളവു തൂക്ക സാമഗ്രികൾ കൈകാര്യം ചെയ്യുന്നതിന് താഴത്തെ നിലയിൽ ഒരു ഓഫീസ് കെട്ടിടം കൂടി അനുവദിച്ചാൽ മാത്രമേ ഓഫീസിന്റെ പ്രവർത്തനം നടത്തുവാൻ കഴിയുകയുള്ളൂ എന്നറിയിച്ചതിനാൽ ആവശ്യമായ സ്ഥലം കണ്ടെത്തിയെങ്കിലും താൽക്കാലിക കെട്ടിടത്തിന്റെ പണികൾ ആരംഭിച്ചിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ (കനാൽ) ചേരാമംഗലം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇറിഗേഷൻ) ആലത്തൂർ എന്നീ കാര്യാലയങ്ങൾക്ക് അനുവദിക്കപ്പെട്ട സ്ഥലങ്ങളിൽ ക്യാബിനുകളുടെ നിർമ്മാണവും, ഇലക്ട്രിഫിക്കേഷൻ പണികളും പൂർത്തീകരിച്ചിട്ടില്ല. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് ടി ഓഫീസുകൾ മിനി സിവിൽ സ്റ്റേഷനിലേക്ക് മാറുന്നതാണ്. നിലവിൽ ആലത്തൂർ താലൂക്ക് പ്രവർത്തിച്ചുവരുന്നത് പാർക്കിംഗ് ഏരിയ ഉൾപ്പെടെ 1976 ച.മീറ്റർ സ്ഥലത്താണ്. എന്നാൽ മിനി സിവിൽ സ്റ്റേഷനിൽ താലൂക്ക് ഓഫീസിന് അനുവദിക്കപ്പെട്ടിട്ടുള്ളത് കേവലം 260 ച.മീ.സ്ഥലം മാത്രമാണ്. സ്ഥല പരിമിതിയാണ് ആലത്തൂർ താലൂക്ക് ഓഫീസ് മിനി സിവിൽ സ്റ്റേഷനിലേക്ക് മാറാതിരിക്കുന്നതിനുള്ള കാരണം. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, ആലത്തൂർ
2. താലൂക്ക് എംപ്ലോയ്മെന്റ് ഓഫീസ്, ആലത്തൂർ
3. ലേബർ ഓഫീസ്, ആലത്തൂർ
4. താലൂക്ക് സപ്ലൈ ആഫീസ്, ആലത്തൂർ
5. അസിസ്റ്റന്റ് രജിസ്ട്രാർ കോ-ഓപ്പറേറ്റീവ് (ജനറൽ), ആലത്തൂർ
6. അസിസ്റ്റന്റ് രജിസ്ട്രാർ കോ-ഓപ്പറേറ്റീവ് (ഓഡിറ്റ്), ആലത്തൂർ
7. എക്സൈസ് റെയ്ഞ്ച് ഓഫീസ്, ആലത്തൂർ
8. സർക്കിൾ ഇൻസ്പെക്ടർ ഓഫ് എക്സൈസ് ഓഫീസ്, ആലത്തൂർ
9. താലൂക്ക് വ്യവസായ ഓഫീസ്, ആലത്തൂർ
10. ഫുഡ് ഇൻസ്പെക്ടർ ഓഫീസ്, ആലത്തൂർ
11. താലൂക്ക് സ്റ്റാറ്റിസ്റ്റിക് ഓഫീസ്, ആലത്തൂർ
12. മണ്ണ് സംരക്ഷണ വകുപ്പ് ഓഫീസ്, ആലത്തൂർ
13. ഐ സി ഡി എസ് ഓഫീസ്, ആലത്തൂർ
14. പെർഫോർമൻസ് ഓഡിറ്റ് ഓഫീസ്, ആലത്തൂർ
15. സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, ആലത്തൂർ
16. പട്ടികജാതി വികസന ഓഫീസ്, ആലത്തൂർ

സെക്ഷൻ ഓഫീസർ